വിഴിഞ്ഞം ഇറമുഖ പദ്ധതി

236 (213) ശ്രീ. കെ. മുരളീധരൻ :

ശ്രീ. എ. റ്റി. ജോർജ് :

ശ്രീ. ആർ . സെൽവരാജ് :

ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഇറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം ഇറമുഖ പദ്ധതി നടപ്പാക്കാൻ എന്തെല്ലാം കർമ്മ പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ എന്തെല്ലാം കേന്ദ്ര സഹായമാണ് ലഭിക്കേണ്ടതെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതി നടത്തിപ്പിനുള്ള ടെണ്ടർ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) വിഴിഞ്ഞം ഇറമുഖ പദ്ധതിക്കായുള്ള ടെണ്ടർ നടപടികൾ പൂർത്തിയായിക്കഴിഞ്ഞു. തികച്ചും സുതാര്യമായ രണ്ടുഘട്ട ആഗോള ടെൻഡറുകൾക്ക് ഒടുവിൽ തെരഞ്ഞെടുത്ത കൺസഷനയറായ അദാനി പോർട്ട്സ് & സ്പെഷ്യൽ ഇക്കണോമിക് സോൺ, പദ്ധതിക്കായി രൂപീകരിച്ച പ്രത്യേക ഉദ്ദേശ്യകമ്പനിയായ അദാനി വിഴിഞ്ഞം പോർട്ട്സ് പ്രൈവറ്റ് ലിമിറ്റഡുമായി സർക്കാർ 2015 ആഗസ്റ്റ് 17-ാം തീയതി കൺസഷൻ കരാർ ഒപ്പുവച്ചു. 2015 ഡിസംബർ 5-ാം തീയതി പദ്ധതിയുടെ നിർമ്മാണോദ്ഘാടനം നിർവ്വഹിച്ചു ഒന്നാം ഘട്ടം പൂർത്തിയാക്കാൻ കരാർ പ്രകാരം കണക്കാക്കിയിട്ടുള്ള സമയം നാലു വർഷമാണ് (2019 ഡിസംബർ 4). കരാർ പ്രകാരം നാലുവർഷത്തെ സമയം ഉണ്ടെന്നിരിക്കെ സംസ്ഥാന സർക്കാരും കരാറുകാരനും ആയിരം ദിന കർമ്മപരിപാടി പദ്ധതിയുടെ പൂർത്തീകരണത്തിനായി ആവിഷ്കരിച്ചിട്ടുണ്ട്. ഇതുപ്രകാരം 2018 ആഗസ്റ്റ് 31-ന് പദ്ധതിയുടെ നിർമ്മാണം പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.

VGF:

2014 ഏപ്രിൽ മാസത്തിൽ വയബിലിറ്റി ഗ്യാപ് ഫണ്ടിംഗ് (V.G.F) ലഭ്യമാക്കുന്നതിനുള്ള അപേക്ഷ കേന്ദ്ര ധനമന്ത്രാലയത്തിന് സമർപ്പിക്കുകയും 2015 ഫെബ്രുവരി 3-ാം തീയതി അംഗീകാരം ലഭിക്കുകയും ചെയ്തു. അതുപ്രകാരം പി.പി.പി. ഘടകമായ 4089 കോടിരൂപയുടെ 20 ശതമാനമായ 817.8 കോടിരൂപയുടെ സഹായധനം ലഭിക്കും.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

പാരിസ്ഥിതികാനുമതി:

വിഴിഞ്ഞം ഇറമുഖ പദ്ധതിയുടെ പാരിസ്ഥിതിക പഠനം നടത്തുന്നതിനായുള്ള "Terms of Reference" -നു 2011 ജൂലൈ മാസം അംഗീകാരം ലഭിച്ചതിനെ തുടർന്ന് രണ്ടുവർഷം നീണ്ടുനിന്ന പാരിസ്ഥിതിക പഠനം, പബ്ലിക് ഹിയറിംഗ് എന്നിവയ്ക്ക് ഒടുവിൽ 2014 ജനുവരി 3-ാം തീയതി കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിൽ നിന്ന് പദ്ധതിക്ക് പാരിസ്ഥിതികാനുമതി ലഭിച്ചു.

അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ:

സ്ഥലമേറ്റെടുപ്പും പുനരധിവാസവും:

റെയിൽവേ ഒഴികെ പദ്ധതിക്ക് ആവശ്യമുള്ള ഭൂമിയുടെ 90 ശതമാനം ഏറ്റെടുത്തുകഴിഞ്ഞു. ഇതിൻപ്രകാരം പദ്ധതിക്കായി ഇതുവരെ ആകെ 212.04.278 ഏക്കർ സ്ഥലം ഏറ്റെടുത്തിട്ടുണ്ട്. ഇറമുഖ പരിധിയിലും കോട്ടുകാലിലുമായി വീട് നഷ്ടപ്പെട്ട 69 കുടുംബങ്ങളെ പുനരധിവസിപ്പിച്ചു കഴിഞ്ഞു. റെയിൽവേ ഒഴികെ പദ്ധതിക്ക് ആവശ്യമായ ബാക്കി ഭൂമി കൂടി ഏറ്റെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്.

ബാഹ്യ അടിസ്ഥാന സൗകര്യ വികസനം:

- വൈദ്യുതി:- നിർമ്മാണഘട്ടത്തിലേക്കാവശ്യമായ വൈദ്യുതി വിഴിഞ്ഞം ഇറമുഖ പദ്ധതി പ്രദേശത്ത് ലഭ്യമാക്കി കഴിഞ്ഞു. നടത്തിപ്പു കാലഘട്ടത്തിൽ ആവശ്യമുള്ള വൈദ്യുതിക്കായുള്ള പ്രസരണ സംവിധാനങ്ങളുടെ നിർമ്മാണം കെ.എസ്.ഇ.ബി.യുടെ സഹായത്തോടെ പൂർത്തിയാക്കി വരുന്നു.

- വെള്ളം:- പദ്ധതി പ്രദേശത്തേയ്ക്ക് 3.3 MLD ജലം എത്തിക്കുന്നതിനുള്ള പണി 2013 ഏപ്രിലിൽ പൂർത്തീകരിച്ചു. ഇതിൽ 1.5 MLD ശുദ്ധജലം പ്രദേശവാസികൾക്ക് വിഴിഞ്ഞം അന്താരാഷ്ട്ര ഇറമുഖ കമ്പനിയുടെ സാമൂഹിക പ്രതിബദ്ധതാ പരിപാടിയുടെ ഭാഗമായി വിതരണം ചെയ്യുവരുന്നു.

- റെയിൽ :- നേമത്തു നിന്നും ആരംഭിച്ച് വിഴിഞ്ഞത്തെത്തുന്ന രീതിയിലുള്ള റെയിൽ പാതയുടെ വിശദമായ കരട് പ്രോജക്ട് റിപ്പോർട്ട് ആർ.വി.എൻ.എൽ. തയ്യാറാക്കികഴിഞ്ഞു. ഇതിന് റെയിൽവേയുടെ അംഗീകാരം ലഭിച്ച ശേഷം ഭൂമി ഏറ്റെടുക്കലും നിർമ്മാണ പ്രവർത്തനങ്ങളും ആരംഭിക്കുന്നതാണ്.

(ബി) കേന്ദ്രസർക്കാരിന്റെ Viability Gap Funding (VGF) സ്കീമിൽ ഉൾപ്പെടുത്തി വിഴിഞ്ഞം പദ്ധതിക്ക് തത്വത്തിൽ അംഗീകാരം ലഭിച്ചുകഴിഞ്ഞു. അതുപ്രകാരം പി.പി.പി. ഘടകമായ 4089 കോടിരൂപയുടെ 20 ശതമാനമായ 817.8 കോടിരൂപയുടെ സഹായധനം ലഭിക്കും. കൺസഷനയർ സ്വന്തം ഓഹരി (Equity) പദ്ധതിയിൽ പൂർണ്ണമായി നിക്ഷേപിച്ച ശേഷം മാത്രമേ മേൽപ്പറഞ്ഞ സഹായധനം കേന്ദ്ര സർക്കാരിൽ നിന്ന് ലഭിക്കുകയുള്ളൂ.

(സി) വിഴിഞ്ഞം തുറമുഖ പദ്ധതിക്കായുള്ള ടെണ്ടർ നടപടികൾ പൂർത്തിയായിക്കഴിഞ്ഞു. തികച്ചും സുതാര്യമായ രണ്ടുഘട്ട ആഗോള ടെൻഡറുകൾക്ക് ഒടുവിലാണ് അദാനി പോർട്ട്സ് & സ്പെഷ്യൽ ഇക്കണോമിക് സോണിനെ (Special Economic Zone) തെരഞ്ഞെടുത്തത്. തുടർന്ന് അദാനി പോർട്ട്സ് പദ്ധതിക്കായി രൂപീകരിച്ച പ്രത്യേക ഉദ്ദേശ്യ കമ്പനിയായ അദാനി വിഴിഞ്ഞം പോർട്ട്സ് പ്രൈവറ്റ് ലിമിറ്റഡുമായി 2015 ആഗസ്റ്റ് മാസം 17-ാം തീയതി സർക്കാർ കൺസഷൻ കരാർ ഒപ്പുവച്ചു 2015 ഡിസംബർ 5-ാം തീയതി പദ്ധതിയുടെ നിർമ്മാണോദ്ഘാടനം നിർവ്വഹിച്ചു.

വിഴിഞ്ഞം തുറമുഖം

237 (214) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം തുറമുഖം പദ്ധതിയുടെ ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് പ്രകാരമുള്ള വർക്കുകൾ എല്ലാം പൂർത്തീകരിച്ച്, പൂർണ്ണതോതിൽ കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്ന തീയതി വെളിപ്പെടുത്താമോ;

(ബി) പ്രസ്തുത പദ്ധതിക്ക് ഭൂമി അക്വയർ ചെയ്ത് തുടങ്ങിയത് ഏത് വർഷത്തിലായിരുന്നു; പദ്ധതികളുടെ അടിസ്ഥാന സൗകര്യങ്ങളുടെ നിർമ്മാണത്തിന് ഭരണാനുമതി നല്കി കൊണ്ട്, നിർമ്മാണം ആരംഭിച്ചത് എപ്പോഴായിരുന്നു; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) ഇന്നത്തെ നിലയിൽ പ്രസ്തുത പദ്ധതി പൂർത്തീകരിച്ച് കമ്മീഷൻ ചെയ്യുന്നതിന് എന്ത് തുക ഇനിയും ചെലവഴിക്കേണ്ടതായിട്ടുണ്ട്;

(ഡി) പ്രസ്തുത പദ്ധതിയ്ക്കായി ഇനിയും ഭൂമി അക്വയർ ചെയ്യേണ്ടതായിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം പദ്ധതികളുടെ കാര്യത്തിൽ?

ഉത്തരം

(എ) വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ ഡീറ്റെയിൽഡ് പദ്ധതി റിപ്പോർട്ടും മാസ്റ്റർ പ്ലാനും പ്രകാരം പദ്ധതിയുടെ നിർമ്മാണം നാലുഘട്ടങ്ങളിലായാണ്

LIBRARY ARCHIVES Kerala Legislative Assembly